**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**08 December 2017 (19 Rabi'ul Awwal 1439 Hijira)**

# Acceptance and Rejection of the Divine Message
# ദൈവീക സന്ദേശത്തെ സ്വീകരിക്കലും തിരസ്ക്കരിക്കലും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **ദൈവീക സന്ദേശത്തെ സ്വീകരിക്കലും തിരസ്ക്കരിക്കലും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

മതപരമായ പുരോഗതി വിശുദ്ധ ഖുർആൻ ഉണ്ടാക്കുന്നത് വിപ്ലവത്തെ ആശ്രയിച്ചാണ്. വിശുദ്ധ ഖുർആൻ പറയുന്നു. സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീതു നല്കുന്നവരുമായിട്ടല്ലാതെ ദൂതന്മാരെ നാം അയയ്ക്കുന്നില്ല. അതുകൊണ്ട് ആരെങ്കിലും വിശ്വസിക്കുകയും ജീവിതം നന്നാക്കുകയും ചെയ്താൽ അവർ ഭയപ്പെടേണ്ടി വരില്ല. അവരൊട്ടു ദുഃഖിക്കുകയുമില്ല. നമ്മുടെ വചനങ്ങളെ നിഷേധിച്ചവരാകട്ടെ അവരെ (നമ്മുടെ) ശിക്ഷ ബാധിക്കും. അവർ തെറ്റു ചെയ്തു കൊണ്ടിരുന്നതു നിമിത്തം (6 : 49–50)

അതായതു നാം ഒരു ദൂതനെ അയ്ക്കുമ്പോൾ, അദ്ദേഹം എല്ലായ്പ്പോഴും രണ്ടു കാര്യങ്ങൾ പ്രഖ്യാപിക്കുന്നു.

1. നിലവിലുള്ള വ്യവസ്ഥയെ അപലപിക്കുകയും അവയെ മരണത്തിലേക്കെത്തിക്കുകയും ചെയ്യുന്നു.
2. അദ്ദേഹം സ്വയം ഒരു വ്യവസ്ഥയ്ക്കു രൂപം നല്കുന്നു എന്നിട്ട് അദ്ദേഹം പ്രഖ്യാപിക്കുന്നു. ഒരവ്യക്തതയുമില്ലാതെ, അതിന്റെ പരിശുദ്ധിയോടെ അതിനെ ഈ ലോകത്ത് സ്ഥാപിക്കുന്നു. ഒരു മാറ്റവുമില്ലാതെ, ഒരു സമ്മർദ്ദത്തിനും വഴങ്ങാതെ, ജനങ്ങൾ സ്വീകരിക്കുന്നതിനായി ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാവാതെ അതിനെ സ്ഥാപിക്കുന്നു. പ്രസ്തുത വ്യവസ്ഥയ്ക്ക് കീഴടങ്ങുന്നവർ, അതിനാവശ്യമായ ഐക്യതയിൽ സ്വയം തയ്യാ

റാകുന്നവർ, പിടിച്ചു നില്ക്കുകയും, അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. എന്നാൽ അതിന് തയ്യാറാകാത്തവർ, ക്രമേണ നിലനില്പില്ലാതെ കൊഴിഞ്ഞു പോവുകയും ചെയ്യുന്നു.

മതരംഗത്ത് ഒരു വിപ്ലവം സംജാതാമാകുമ്പോൾ, ഇസ്ലാമിക സങ്കേതിക ഭാഷയിൽ ഇതിന് ഖിയാമ : എന്ന് പേരുപറയുന്നു. ഇതിനുപയോഗിക്കുന്ന മറ്റൊരു ഭാഷയാണ് ഖലഖസ്സമാവാത്തി വൽഅറ്ദ് അതായത് ഒരു പുതിയ ഭൂമിയും ഒരു പുതിയ ആകാശവും സൃഷ്ടിക്കുക വിശുദ്ധഖുർആന്റെ മറ്റൊരു ഭാഷയിൽ പറ ഞ്ഞാൽ ഇതിന് അസ്സാഅ എന്നു പറയുന്നു.

അറബിക് വാക്കായ ഇൻക്വിലാബിന്റെ പരിഭാഷ വിപ്ലവം എന്ന നിലയി ലാണ് ഇവിടെ പാരമാർശിച്ചിരിക്കുന്നത്. ഒന്നാമതായി ഇതുകൊണ്ർത്ഥമാക്കു ന്നത് ധാർമ്മികവും ആത്മീയവുമായ പരിഷ്ക്കരണം ഒരു വ്യക്തി സ്വയം നട പ്പിൽവരുത്തുന്നതിനെയാണ്. സാധാരണയായി ഈ കാലത്ത് വിപ്ലവം കൊണ്ർത്ഥമാക്കുന്നത് രാഷ്ട്രീയധികാരത്തിലിരിക്കുന്ന ഒരു ഭരണകൂടത്തെ വിപ്ല വത്തിലൂടെ പുറത്താക്കുക എന്നതാണ് അതല്ല ഞാനിവിടെ വിപ്ലവം കൊണ്ർത്ഥമാക്കിയിട്ടുള്ളത്.

ഒരു കൂട്ടം വ്യക്തികൾ, അല്ലെങ്കിൽ ഒരു സമുദായം, അവർ സ്വയം പരി ഷ്ക്കരിക്കുവാൻ തയ്യാറായാൽ, അവന്റെ മാന്യമായ വ്യക്തിത്വവും മറ്റുള്ളവരുമാ യുള്ള അവന്റെ ഇടപെടീലും, ദൈവവുമായുള്ള ബന്ധത്തിലും, വിപ്ലവകരമായ ഒരു മാറ്റം പ്രകടമാകുന്നതാണ് ; നിരീക്ഷിക്കപ്പെടുന്നതുമാണ്. അങ്ങനെ, ഈ ലോകത്തു നിലനില്ക്കുന്ന അവസ്ഥയിൽ നിന്ന് ഒരാൾക്കുണ്ടാകുന്ന സ്വയം സംസ്ക്കരണം മനുഷ്യന്റെ കാര്യങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കു വാൻ അവനോട് ആവശ്യപ്പെടുന്നതാണ്.

ഈ അവസ്ഥകളുടെ ആസ്വാദനം കരസ്ഥമാക്കുന്നതിന്, പരിശുദ്ധ പ്രവാ ചകൻ മുഹമ്മദ് (സ) യുടെ ആഗമനത്തിന് മുൻപുള്ള മക്കവാസികളുടെയും അടുത്ത പ്രദേശത്തുള്ളവരുടെ ചരിത്രവും മനസ്സിലാക്കിയാൽ, പ്രവാചകൻ (സ) യുടെ ആഗമനത്തിന് ശേഷം അവർ നേടിയ പുരോഗതിയുടെ ആഴവും അന്താ രാഷ്ട്ര ബന്ധങ്ങളുടെ മേന്മയും മനസ്സിലാക്കാവുന്നതാണ്.

എ.ഡി. 6 ഉം 7 ഉം നൂറ്റാണ്ടുകൾ പലനിലയിലുള്ള രാഷ്ട്രീയ വിപ്ലവങ്ങ

ളുടെ കാലമായിരുന്നു. അന്താരാഷ്ട്രതലത്തിലെ വിഹ്വലതകൾ ഓരോ കാലത്തെയും സാമൂഹ്യസാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ്. നബി തിരുമേനി (സ) യുടെ വരവിന് മുമ്പുള്ള നൂറ്റാണ്ടുകളിലേക്ക് കണ്ണോടിക്കുമ്പോൾ മാനവരാശിയുടെ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾ അന്താരാഷ്ട്ര തലത്തിൽ തന്നെ വലിയൊരു തകർച്ച നേരിടുകയായിരുന്നുവെന്നു കാണാം.

## റോമൻ സാമ്രാജ്യം

ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ അഭിപ്രായത്തിൽ, റോമൻ സംസ്ക്കാരത്തിന്റെ അടിസ്ഥാനപാഠങ്ങൾ ഇപ്രകാരമായിരുന്നു. നിയമവാഴ്ചയും മനുഷ്യാവകാശ സംരക്ഷണവും റോമൻ സംസ്കാരത്തിന്റെ കാതലായ ഒരു വരമായിരുന്നു. മനുഷ്യവകാശങ്ങൾ എന്ന ആശയത്തിന് അംഗീകാരം നല്കുന്നതിൽ അദ്യൂതിയ സ്ഥാനം ഈ സംസ്ക്കാരത്തിന്റെ വക്താകൾക്ക് അവകാശപ്പെട്ടതാണ്. അവർ സൃഷ്ടിച്ച രാഷ്ട്രവ്യവഹാര നടപടി ക്രമങ്ങളിൽ നിയമവാഴ്ചയ്ക്ക് പ്രാധാന്യമുണ്ടായിരുന്നു. രാഷ്ട്രീയ നീക്കങ്ങൾ ഒരു വ്യവസ്ഥക്ക് വിധേയമാക്കി. ഭരിയ്ക്കാനുള്ള അവകാശം പോലും ചില തത്ത്വങ്ങൾക്ക് വിധേയമായി നിർവ്വഹിക്കപ്പെട്ടു. അതുകൊണ്ടാണ് ലോകമെങ്ങുമുള്ള നിയമജ്ഞരും നിയമസഭകളും റോമൻ തത്വങ്ങളെപ്പറ്റിയുള്ള ആഴത്തിലുള്ള വിജിന്തനം ഇപ്പോഴും തുടരുന്നത്.

കിഴക്കൻ റോമസാമ്രാജ്യം നിലവിൽ വന്നതുതന്നെ മുകളിൽ സൂചിപ്പിച്ച രാഷ്ട്രീയ അധഃപതനത്തിന്റെ ഭാഗമായിട്ടാണ്. റോമിൽ നിന്ന് കോൺസ്റ്റാന്റിനേപ്പിളിലേക്ക് റോമാ സാമ്രാജ്യത്തിന്റെ ആസ്ഥാനം മാറ്റി സ്ഥാപിക്കപ്പെട്ടു. ജനതയുടെ സാമ്പത്തിക വ്യവഹാരങ്ങൾ താളം തെറ്റി റോമൻ സമ്പദ്വ്യവസ്ഥ തകർന്നടിഞ്ഞു. തൊഴിൽ മേഖലയിലെ മാന്ദ്യം, കച്ചവടം, വ്യവസായം എല്ലാം തകർച്ചാ ഭീഷണി നേരിട്ടു. സമ്പദ്വ്യവസ്ഥയിലെ മാന്ദ്യം തന്നെയാണ് സാമ്രാജ്യം കിഴക്കോട്ട് നീങ്ങാൻ കാരണമായിത്തീർന്നത്

പ്രവാചക പ്രഭുവായ ഹസ്രത്ത് മുഹമ്മദ് (സ) ന് ദിവ്യവെളിപാടുകൾ ലഭിച്ചു തുടങ്ങിയ ഏതാണ്ട് അതേ വർഷം തന്നെയാണ് റോമൻ ചക്രവർത്തി ഫോക്കസിന്റെ കീഴിലുള്ള രാഷ്ട്രീയ അരാജകത്വം അവസാനിച്ചത് എന്നത് ശ്രദ്ധേയമാണ്. അങ്ങനെ അധികാരത്തിലെത്തിച്ചേർന്ന ഹെറാക്ലിയസ് ചക്രവർത്തിയ്ക്ക്

AD 628 ൽ, നബി തിരുമേനി (സ) യുടെ ദിവ്യസന്ദേശം – ഇസ്ലാമിലേക്കുള്ള ക്ഷണം കത്തുമുഖേനെ ലഭിച്ചു.

നബിതിരുമേനിയുടെ കത്ത്, ഹെറാക്ലിയസ് സ്വീകരിച്ച രീതിയെപറ്റി നബിതിരുമേനിക്ക്, അറിവുലഭിച്ചപ്പോൾ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി. റോമാ ചക്രവർത്തി തന്റെ കത്തിനെ ആദരിച്ചതിനാൽ, അദ്ദേഹത്തിന്റെ സാമ്രാജ്യം സംരക്ഷിക്കപ്പെടുമെന്ന് നബിതിരുമേനി അരുളി. ഹെറാക്ലിയസ് ചക്രവർത്തിയുടെ പിന്മുറക്കാർ സാമ്രാജ്യഭരണംഒരു ദീർഘകാലം തുടർന്നു.

ഇനി ഞാൻ പേർഷ്യൻ സാമ്രാജ്യത്തിന്റെ അവസ്ഥയെപറ്റി ചില കാര്യ ങ്ങൾ സൂചിപ്പിക്കട്ടെ.

ഇസ്ലാമിന്റെ ആഗമനത്തിനു മുൻപ്, ഹിജ്റ അഞ്ച് – ആറ് നൂറ്റാണ്ടുക ളിൽ, ശക്തി ക്ഷയിച്ച അവസ്ഥയിലായിരുന്നു പേർഷ്യൻ സാമ്രജ്യം. റോമാ സാമ്രാജ്യത്തെക്കുറിച്ച് എഴുതപ്പെട്ടിരിയ്ക്കുന്നതും വ്യക്തവുമായ വിവരങ്ങളു മായി താരതമ്യം ചെയ്താൽ, അത്രയും കൃത്യമായ ഒരു ചിത്രം ലഭ്യമല്ലതന്നെ, മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് പേർഷ്യൻ സാമ്രാജ്യം സ്ഥാപിക്കപ്പെ ട്ടത്, അഞ്ചാം നൂറ്റാണ്ടോടെ പേർഷ്യയുടെ രാഷ്ട്രീയ ചരിത്രം യുദ്ധങ്ങളുടെ തുടർക്കഥയാണ്. അതിർത്തികളിൽ അവസാനിക്കാത്തതും ഫലമില്ലാത്തതും ആയ നിരന്തരയുദ്ധങ്ങൾ, രാജ്യത്തിനകത്ത്, സൊരാസ്ട്യൻ മതക്കാരല്ലാത്ത വരെ നിരന്തരമായി പിഢീപ്പിക്കുന്ന അവസ്ഥ പ്രത്യേകിച്ചും അർമേനിയിൽ

പേർഷ്യൻ ചക്രവർത്തി യസ്ഗാർഡ് രണ്ടാമൻ (438–457) യഹൂദന്മാ ർക്കും, ക്രിസ്ത്യാനികൾക്കും എതിരിൽ, അർമേനിയയിൽ, പീഡനമുറകളെ സ്ഥാപനവല്ക്കരിക്കുകയുണ്ടായി. ഔദ്യോഗിക പ്രഖ്യാപനത്തിലൂടെ, മതന്യൂ നപക്ഷങ്ങളായ ക്രിസ്ത്യാനികളോട് തങ്ങളുടെ മതം ഉപേക്ഷിക്കുവാൻ ആവ ശ്യപ്പെട്ടു. അർമേനിയയിൽ പാർസിമത പ്രചാരകരെ അയച്ച്, റോമക്കാരും പേർഷ്യക്കാരും താമസിച്ചിരുന്ന സ്ഥലങ്ങളിൽ പ്രചണ്ഡ പ്രചാരണങ്ങൾ സംഘടിപ്പിച്ചു.

AD 451 – ലെ അവറെയ്ർ യുദ്ധം ഇത്തരുണത്തിൽ ഒരു നാഴികകല്ലാണ്. പേർഷ്യൻ അധികാരികൾക്കെതിരിൽ അർമേനിയയിലെ ക്രിസ്ത്യാനികളുടെ ചെറുത്തുനില്പ് പരാജയപ്പെട്ടു. ഒരുപാട് പേർ തുറങ്കിലടയ്ക്കപ്പെട്ടു. ഇന്നും

വികാരവായ്പോടെ ചരിത്രം സ്മരിക്കപ്പെടുന്ന സംഭവങ്ങളിൽ ഒന്നാണ് ഇത്.

AD 602 ൽ, ഫോക്കസ്, മൗറീസിനെ പരാജയപ്പെടുത്തി കൊലചെയ്തു. മൗറീസിന്റെ കീഴിലെ കിഴക്കൻ റോമാ സാമ്രാജ്യം, പേർഷ്യൻ ചക്രവർത്തി ഖുസ്രുരണ്ടാമന്റെ കാലത്ത് സമാധാനത്തിലും സൗഹാർദ്ദത്തിലും ആയിരുന്നു കഴിഞ്ഞിരുന്നത്. അതുകൊണ്ടു തന്നെ, ഫോക്കസിന്റെ അധികാര പ്രവേശം വിളംബരപ്പെടുത്താൻ പേർഷ്യൻ കൊട്ടാരത്തിൽ എത്തിച്ചേർന്ന, കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ സ്ഥാനപതിയെ പേർഷ്യ തുറുങ്കിലടച്ചു. ഖുസ്രു രണ്ടാമൻ, മൗറീസിന്റെ കൊലപാതകത്തിൽ പ്രതികാരം പ്രഖ്യാപിച്ചു. ഫോക്കസിനെതിരെ പടനയിച്ചു. കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ അതിർത്തി കടന്നും ആക്രമണം നടത്തി. സൈനീകാക്രമണം, റോമാ സാമ്രാജ്യത്തിൽ അധികാര മാറ്റത്തിലൂടെ ഹെറാഡിയസ് എത്തിയിട്ടും. ഖുസ്രു തുടർന്നു. AD 610 ൽ, സന്ധി സംഭാഷണത്തിന് റോമൻ പ്രതിനിധികൾ ഖുസ്രു രണ്ടാമനെ തേടിയെത്തി.

ഖുസ്രു രണ്ടാമന്റെ ഭരണം AD 610 ന് ശേഷം വലിയ ഉയർച്ച – താഴ്ച്ചകൾക്ക് വിധേയമായി. ദിവ്യസന്ദേശം സ്വീകരിയ്ക്കാനും നിരാകരിയ്ക്കാനുമുള്ള അവസരം ഈ ചക്രവർത്തിയുടെ മുമ്പാകെയുണ്ടായിരുന്നു. ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള നബി (സ) യുടെ ദിവ്യസന്ദേശം ഖുസ്രുരാജാവിന് AD 628 ൽ ലഭിച്ചു. ഖുസ്രു തന്റ തന്നെയും പേർഷ്യ സാമാജ്യത്തിന്റേയും വിധി, നബിയുടെ സന്ദേശത്തെയും കത്തിനേയും നിരാകരിച്ചതിലൂടെ, സ്വയം നിർണ്ണയിച്ചു. നബി തിരുമേനി(സ) ഖുസ്രുവിന്റെ തെറ്റായ പ്രതികരണം അറിഞ്ഞപ്പോൾ അരുളി. പേർഷ്യൻ ചക്രവർത്തി നമ്മുടെ സന്ദേശത്തെ എങ്ങനെ കണക്കാക്കിയോ, അദ്ദേഹത്തിന്റെ സാമ്രജ്യത്തോട് ദൈവവും അങ്ങനെ പെരുമാറും (അതിനെ വിഭജിച്ച് ശിഥിലമാക്കി, നശിപ്പിക്കും എന്നർത്ഥം)

തിരു നബി (സ) യുടെ വാക്കുകൾ പിൽകാലത്ത് പൂർത്തിയാക്കപ്പെട്ടു. ഖുസ്രു രണ്ടാമന് തന്റെ കീരിടം നഷ്ടമായി വധിക്കപ്പെട്ടു. പേർഷ്യൻ സാമ്രാജ്യമെന്ന, ഇറാൻ, പിന്നീട് മുസ്ലിംകൾക്ക് അധീനപ്പെട്ടു.

നബിതിരുമേനിയുടെ രണ്ടാമത്തെ ഖലീഫ ഹസ്രത്ത് ഉമർ(റ) ന്റെ കാലത്താണ് ഇങ്ങനെ സംഭവിച്ചത്.

മൊത്തത്തിൽ വിലയിരുത്തുമ്പോൾ, ഒരു ദൈവദൂതന്റെ പ്രവചനങ്ങൾ

ഒരിയ്ക്കലും വെറുതെയാവുകയില്ല. ചിലപ്പോൾ അക്ഷരാർത്ഥത്തിൽ, മറ്റവസരങ്ങളിൽ, ആലങ്കാരികമായി തന്റെ ദൂതന്മാരോട് വെളിപ്പെടുത്തുന്ന കാര്യങ്ങൾ, അല്ലാഹു (ത) അങ്ങനെ നടപ്പിൽ വരുത്തുന്നു. ഇസ്ലാം ഒരു നിത്യഹരിതസസ്യമാകുന്നു. അതിന്റെ വേരുകൾ ഭൂമിയിലും പ്രപഞ്ചത്തിലും ആഴത്തിൽ നിലകൊള്ളുന്നതാണ്. ആർക്കും തന്നെ അത് നശിപ്പിക്കാൻ സാധിക്കുകയില്ല. ദൈവം തമ്പുരാന്റെ ക്രോധത്തിന് പാത്രമാകാൻ, ഇസ്ലാമിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ വിധക്കപ്പെട്ടിരിയ്ക്കുന്നു. ഇസ്ലാം മുഴുവൻ മാനവ കുലത്തിനും വേണ്ടിയുള്ളതാണ്. എല്ലാവർക്കും വ്യക്തമായ മാർഗ്ഗനിർദ്ദേശം നല്കുന്ന ഗ്രന്ഥമാണത്. ഇസ്ലാമിനെ നിഷേധിക്കുന്നവർ, തങ്ങളുടെ ആത്മാക്കളുടെ മോക്ഷത്തെയാണ് നിരാകരിയ്ക്കുന്നത്, അവർ ദൈവത്തെ നിരാകരിയ്ക്കുന്നു,

ഇസ്ലാമിക സന്ദേശത്തെ വിലമതിയ്ക്കുന്നവരാകട്ടെ നാം അല്ലാഹുവിൽ നിന്ന് വരുന്ന ഇസ്ലാമിക ദൂതന്മാരുടെ വാക്കുകൾക്ക് വിലകൊടുക്കുക. ജീവിത നിയമസംഹിതയായ ഖുർആൻ കല്പിക്കുന്ന പാതയിൽ ചരിക്കുവാൻ പ്രേരിപ്പിക്കുന്നവരാണവർ. അല്ലാഹുവിലാണ് നാം വിശ്വസിയ്ക്കുന്നത്. അവന്റെ വാക്കുകളാണ് എല്ലാ ഗരിമയോടെയും പൂർത്തിയാവുക. അല്ലാഹുവിന്റേയും അവന്റെ ദൂതരുടേയും സന്ദേശം അനുസരിയ്ക്കുന്നവർക്ക് ഇഹലോകത്തും പരലോകത്തും ജീവിത സൗകര്യം ലഭിയ്ക്കുന്നതാണ്. അതിനെ നിഷേധിക്കുന്നവർക്കാകട്ടെ ദൈവീക ക്രോധത്തെ നേരിടേണ്ടി വരും. ദൈവത്തിന്റെ വ്യക്തമായ അദ്ധ്യാപനത്തിൽ നിന്നും ദൈവദൂതന്മാരിലും നിന്നും പിന്തിരിഞ്ഞു പോകുന്നതിൽ നിന്ന് നിങ്ങളെ അല്ലാഹു സംരക്ഷിയ്ക്കട്ടെ ആമീൻ

**Translated & Issued By :**
**R. Jamaludin Raother & Fazil Jamal**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**